# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 900** **11.07.2016-ന് മറുപടിയ്ക്ക്**

## <u>ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ</u>

**ചോദ്യം**

**ശ്രീ.ജി.എസ്.ജയലാൽ**

എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മീനാട്, യും ആദിച്ചനെല്ലൂർ എന്നീ വില്ലേജ് പ്രദേശത്ത് ഉൾപ്പെട്ട ഭൂമി, യും പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചത് എന്നാണെന്നും, ഈ നടപടി പൂർത്തീകരിക്കുന്നതിലേക്കായി നാളിതുവരെ റവന്യൂ വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനവും വകുപ്പ് മന്ത്രി)**

എ)
ബി) കൊല്ലം താലൂക്കിലെ മീനാട്, ആദിച്ചനെല്ലൂർ വില്ലേജുകളിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 0.3773 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനു 30.05.2013-ൽ ഭൂമി ഏറ്റെടുക്കൽ നിയമം, 1894 വകുപ്പ് 4 (1) വിജ്ഞാപനം, കേരള സർവ്വേസ് & ബൗണ്ടറീസ് ആക്ട് 1961 വകുപ്പ് 6 (1) പ്രകാരമുള്ള പരസ്യം എന്നിവ പ്രസിദ്ധീകരിച്ചിരുന്നതും, ഭൂമി ഏറ്റെടുക്കൽ നിയമം, 1894 വകുപ്പ് (6) പ്രകാരമുള്ള പ്രഖ്യാപനം 23.06.2014-ൽ പ്രസിദ്ധീകരിച്ചിരുന്നതുമാണ്. 03.03.2015-ൽ ജില്ലാ തല പർച്ചേസ് കമ്മിറ്റി ചേർന്ന് സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ചർച്ച നടത്തി. ജില്ലാ തല പർച്ചേസ് കമ്മിറ്റി മുന്നോട്ട് വച്ച സ്ഥലവില അംഗീകരിച്ചു കൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് ഭൂമി വിട്ടു തരുന്നതിനു സമ്മതപത്രം നൽകിയത്. ഭൂരിപക്ഷം ഭൂവുടമകളും സമ്മതപത്രം നൽകാതിരുന്ന സാഹചര്യം ഭൂമി ഏറ്റെടുക്കുന്നതിനു തടസ്സം സൃഷ്ടിച്ചിരുന്നു. എന്നാൽ 08.10.2015-ൽ ജില്ലാ തല പർച്ചേസ് കമ്മിറ്റി വീണ്ടും യോഗം വിളിച്ചിരുന്നുവെങ്കിലും ഭൂവുടമകളിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല. 2014 ജനുവരി 1 മുതൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം 'റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ

| | | | |
|---|---|---|---|
| | | | റീഹാബിലിറ്റേഷൻ റീ സെറ്റിൽമെന്റ് ആക്ട് 2013 എൽ എ ആർ ആർ ആക്ട് 2013'(RFCTLARR Act-2013), നിലവിൽ വന്നിട്ടുള്ളതും, ടി നിയമപ്രകാരമുള്ള ചട്ടങ്ങൾ 19.09.2015-ൽ ജി.ഒ.(പി) 470/2015/റവ പ്രകാരം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പഴയ ഭൂമി ഏറ്റെടുക്കൽ നിയമം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരമുള്ള നടപടികൾ ആരംഭിക്കുന്നതാണ്. |
| സി) | ഭൂമി ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; മേൽ തടസ്സങ്ങൾ ഈ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മാത്രമായുള്ളതാണോ; അതോ സംസ്ഥാനത്ത് ആകെ ബാധകമാണോ എന്ന് വ്യക്തമാക്കുമോ; | സി) | 2014 ജനുവരി 1 മുതൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം "റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ റീ സെറ്റിൽമെന്റ് ആക്ട്, 2013" (എൽ എ ആർ ആർ ആക്ട് -2013) നിലവിൽ വരികയും, ചട്ടങ്ങൾ 19.09.2015-ൽ ജി.ഒ (പി) 470/2015/റവ പ്രകാരം നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പഴയ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നടപടികൾ കാലഹരണപ്പെട്ടിട്ടുള്ളതാണ്. |
| ഡി) | തടസ്സങ്ങൾ ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | ഡി) | പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം എൽ എ ആർ ആർ ആക്ട് -2013 പ്രകാരം അർത്ഥനാധികാരിയിൽ നിന്നും അർത്ഥനാ പത്രം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ